പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2095 **26-10-2026-ൽ മറുപടിയ്ക്ക്**

മുൻഗണനാ റേഷൻ കാർഡിന്റെ അർഹത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ദീപക് ജോയ് ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് മുൻഗണനാ റേഷൻ കാർഡിന് അർഹതയുണ്ടായിട്ടും നിലവിൽ പൊതുവിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മറുപടി: ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ റേഷൻ കാർഡുകൾക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ആയതുപ്രകാരം, 18.09.2017-ലെ സ.ഉ.(സാധാ) നം. 320/2017/ഭപൊവിവ പ്രകാരം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ചിട്ടുള്ള മുൻഗണനാ വിഭാഗത്തിലെ ഗുണഭോക്താക്കളുടെ പരിധി 1,54,80,040 ആണ്.

മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർച്ചയായ പ്രക്രിയയാണ്. ഇതിന്റെ ഭാഗമായി, വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ ഫീൽഡ് തലത്തിൽ പരിശോധന നടത്തി അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി പട്ടികയിൽനിന്ന് ഒഴിവാക്കുകയും, അതുവഴി ഉണ്ടാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ജീവിതനിലവാരം മെച്ചപ്പെടുന്നതിനനുസരിച്ച് മുൻഗണനാ വിഭാഗത്തിൽനിന്ന് സ്വമേധയാ ഒഴിവാകുന്നതിനും അവസരം നൽകിവരുന്നുണ്ട്. ഇത്തരത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ അപേക്ഷകൾ ക്ഷണിച്ചുവരുന്നു.

അർഹരായ പരമാവധി കുടുംബങ്ങൾക്ക് മുൻഗണനാ വിഭാഗത്തിലേക്ക് മാറുന്നതിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായി, റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ (RCMS) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത പൊതുവിഭാഗം സബ്സിഡി (NPS), പൊതുവിഭാഗം നോൺ-സബ്സിഡി (NPNS) റേഷൻ കാർഡുകളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും റേഷൻ ഡിപ്പോ അടിസ്ഥാനത്തിലും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പട്ടിക ബന്ധപ്പെട്ട വാർഡ് പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, കുടുംബശ്രീ സി.ഡി.എസ്. പ്രവർത്തകർ

എന്നിവർക്ക് കൈമാറിയിട്ടുണ്ട്. ഇവരുടെ സഹായത്തോടെ അർഹരായ പരമാവധി കുടുംബങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ പ്രചാരണ നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ